(ബി) ഇപ്പോൾ പെന്റിംഗ് ഉള്ള മുഴുവൻ റീഫില്ലും അടിയന്തിരമായി കൊടുത്തു തീർക്കുന്നതിനാവശ്യമായ നടപടികൾ കൺസ്യൂമർ ഫെഡറേഷൻ കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി പാചക വാതക വിതരണത്തിന് കരാർ നൽകിയിട്ടുള്ള രണ്ട് കമ്പനികളുടേയും (കോൾഡിഗ്യാസ്, ശ്രീശക്തി) പ്രതിനിധികളുമായി ഫെഡറേഷൻ ചർച്ച ചെയ്യുകയും അടിയന്തിരമായി റീഫിൽ വിതരണം പൂർത്തിയാക്കുന്നതിനാവശ്യമായ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അതു പ്രകാരം റീഫിൽ വിതരണം നടന്നു വരുന്നു.

സഹകരണ ബാങ്കിലെ അനധികൃത നിക്ഷേപം

132(1035) ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്കുകൾക്ക് എവിടെയെല്ലാം നിക്ഷേപം നടത്താമെന്നുള്ളതിന് ഗവൺമെന്റ് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന് വിപരീതമായി ഏതെങ്കിലും ജില്ലാ ബാങ്ക് നിക്ഷേപം നടത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) കോട്ടയം ജില്ലാ ബാങ്ക് റബ്കോയിൽ നിക്ഷേപം നടത്തിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്ത് തുക നിക്ഷേപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഇത് ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരണമായിട്ടാണോ ;

(എച്ച്) ഈ നിക്ഷേപത്തിന് ഗവൺമെന്റിന്റെ ഗ്യാരന്റി ഉണ്ടോ ;

(ഐ) ഗവൺമെന്റ് ഗ്യാരന്റി ഇല്ലാത്ത ജില്ലാ ബാങ്കുകൾ നടത്തുന്ന അനധികൃത നിക്ഷേപങ്ങൾ തടയുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിയമ വ്യവസ്ഥയുണ്ട്.

(ബി) 1969-ലെ കേരള സഹകരണ നിയമം സെക്ഷൻ 57 പ്രകാരം താഴെ പറയുന്ന നിക്ഷേപങ്ങൾ നടത്താവുന്നതാണ്.

1. ഗവൺമെന്റ് സേവിംഗ്സ് ബാങ്ക്.
2. 1882-ലെ ഇൻഡ്യൻ ട്രസ്റ്റ് ബാങ്കിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സെക്യൂരിറ്റികളിൽ.
3. രജിസ്ട്രാറുടെ അംഗീകാരമുള്ള മറ്റ് സഹകരണ സംഘങ്ങളിലെ ഷെയറുകൾ, സെക്യൂരിറ്റികൾ.

LIBRARY ARCHIVES Kerala Legislative Assembly

4. രജിസ്ട്രാറുടെ അംഗീകാരമുള്ള ഏതെങ്കിലും ബാങ്കുകൾ.

5. മറ്റേതെങ്കിലും നിർദ്ദിഷ്ട രീതികളിൽ.

(സി) ഉണ്ട്.

(ഡി) നിയമനത്തിന് വിരുദ്ധമായി നടത്തിയ നിക്ഷേപം പിൻവലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) 17 കോടി രൂപ

(ജി) ജില്ലാ സഹകരണ ബാങ്കിൽ നിന്നും മറ്റ് സംസ്ഥാനതല സഹകരണ സ്ഥാപനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ റബ്കോയ്ക്ക് രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട്.

(എച്ച്) ഇല്ല.

(ഐ) നിയമാനുസൃതം അനധികൃത നിക്ഷേപം നടത്താൻ പാടുള്ളതല്ല. ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

ദിവസക്കൂലിക്കാരുടെ നിയമനം

133(1036) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കൺസ്യൂമർ ഫെഡറേഷന്റെ കീഴിലുള്ള ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയിലും അവരുടെ യൂണിറ്റുകളിലുമായി എത്ര ദിവസക്കൂലിക്കാരെ നിയമിച്ചു ;

(ബി) ഇവരെ നിയമിച്ചത് ഏതെല്ലാം തസ്തികകളിലാണ് ;

(സി) ഇവർ ഇപ്പോൾ ജോലി ചെയ്യുന്നത് ഏതെല്ലാം തസ്തികകളിലാണ് ;

(ഡി) ഇവരെ റെഗുലറൈസ് ചെയ്തിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ റെഗുലറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) പി.എസ്.സി. യുടെ ലിസ്റ്റ് നിലവിലിരിക്കെ ഇവരെ സ്ഥിരപ്പെടുത്തുന്നപക്ഷം പി.എസ്.സി. ലിസ്റ്റിലുള്ളവർക്ക് എപ്രകാരമാണ് നിയമനം കിട്ടുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 88 പേരെ ദിവസകൂലിക്ക് നിയമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly